# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3408** — **20.06.2018-ൽ മറുപടിക്ക്**

## <u>ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) റാങ്ക് ലിസ്റ്റ്</u>

**ചോദ്യം**
**ശ്രീ.പി.ഉബൈദുള്ള**

**ഉത്തരം**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | കാറ്റഗറി 660/2012 പ്രകാരം മലപ്പുറം ജില്ലയിൽ 01-10-2016-ൽ പരീക്ഷ നടത്തി 26-10-2017- ൽ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഇന്റർവ്യൂ നടപടികൾ പൂർത്തീകരിച്ച ഹൈസ്കൂൾ അസിസ്റ്റന്റ്(സോഷ്യൽ സയൻസ്) റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ; | (എ) | മലപ്പുറം ജില്ലയിൽ 660/12 കാറ്റഗറി നമ്പരായി വിജ്ഞാപനം ചെയ്ത ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സ്റ്റഡീസ്) തസ്തികയിലേക്കുള്ള ഇന്റർവ്യൂ 30.05.2018 ന് പൂർത്തിയായിട്ടുണ്ട്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകൾ ഇതുവരെ പി.എസ്.സി.ക്ക്റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഒഴിവുകളിൽ സ്ഥിരം നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | നിലവിൽ ടി തസ്തികയിലേക്ക് 50 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവുകളിലേയ്ക്ക് നിലവിൽ വരുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്. |
| (സി) | പ്രൈമറി, സെക്കണ്ടറി, ഹയർസെക്കണ്ടറി വിഭാഗങ്ങളുടെ ലയനവുമായി ബന്ധപ്പെട്ട് റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | ഇല്ല. |
| (ഡി) | ഷോർട്ട് ലിസ്റ്റിലെ മുഖ്യപട്ടികയിലെ ഉദ്യോഗാർത്ഥികളുടെ എണ്ണം ഒഴിവിനനുസരിച്ച് കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) യും (ഇ) യും | മുഖ്യ പട്ടികയിൽ മാത്രം 198 പേർ ഉൾപ്പെട്ടിട്ടുണ്ട്. മുഖ്യപട്ടികയിലെ ഉദ്യോഗാർത്ഥികളുടെ എണ്ണം ഒഴിവിനനുസരിച്ച് കുറവല്ല. |
| (ഇ) | എങ്കിൽ സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും കൂടുതൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി മെയിൻ ലിസ്റ്റ് വിപുലീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ